പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3071 — 10-03-2017 ൽ മറുപടിക്ക്

## കിറ്റ്സിന്റെ (KITTS) അധീനതയിലുള്ള ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം തൈയ്ക്കാട് പ്രവർത്തിക്കുന്ന കിറ്റ്സിന്റെ (KITTS) അധീനതയിൽ എത്ര ഭൂമിയാണുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സ്ഥലം മറ്റേതെങ്കിലും കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലമാണെന്ന് വ്യക്തമാക്കമോ; | (എ) തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ സർവ്വേ നം.880-ൽ ഉൾപ്പെട്ട 5.03 ഏക്കർ സർക്കാർ ഭൂമി കിറ്റ്സിന് പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. ടി ഭൂമിയിൽ നിന്നും 4.98 ഏക്കർ ഭൂമി തിരിച്ചെടുത്ത് പൊതു ആവശ്യത്തിനായി ലാൻറ് ബാങ്കിൽ നിക്ഷിപ്തമാക്കുന്നതിന് 23/12/2015 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഈ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (സി.റ്റി.എഫ്.എം), കായിക വകുപ്പ് എന്നിവ പ്രസ്തുത സ്ഥലത്തു നിന്നും ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ